കേരളസർക്കാർ

## ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്

നമ്പർ.ഔഭാ4/36/2017/ഉഭപവ.

തിരുവനന്തപുരം,
തീയതി, 30.01.2018

### പരിപത്രം

വിഷയം :- ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്- എല്ലാ സർക്കാർ വെബ് സൈറ്റുകളും ദ്വിഭാഷയിലാക്കുന്നതു സംബന്ധിച്ച്.

സൂചന :- 2.11.2017 ന് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ ഔദ്യോഗികഭാഷാ ഉന്നതതലസമിതി തീരുമാനം.

2007 ലെ ഐ.റ്റി നയത്തിന്റെ ഭാഗമായി, സർക്കാരും ജനങ്ങളും തമ്മിലുള്ള ആശയവിനിമയത്തിൽ വെബ്സൈറ്റിലൂടെ നൽകുന്ന വിവരങ്ങൾ മലയാളത്തിൽക്കൂടി ലഭ്യമാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. 2009-ൽ വിവരസാങ്കേതികവിദ്യാവകുപ്പും 2010-ൽ ഔദ്യോഗികഭാഷാവകുപ്പും ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുവെങ്കിലും വിവിധ വകുപ്പുകളും സ്ഥാപനങ്ങളും തങ്ങളുടെ വെബ്സൈറ്റുകൾ ദ്വിഭാഷയിലാക്കിയിട്ടില്ല. സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടലായ kerala.gov.in ഉൾപ്പെടെ എല്ലാ സർക്കാർ വെബ്സൈറ്റുകളും മാർച്ച് 31 നകം ദ്വിഭാഷയിലാക്കണമെന്ന് വിവിധ വകുപ്പുകൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുവാൻ ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 02.11..2017 - ൽ ചേർന്ന ഔദ്യോഗികഭാഷാ ഉന്നതതല സമിതി തീരുമാനിച്ചിട്ടുണ്ട്.

പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിലേക്ക് സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടലായ kerala.gov.in ഉൾപ്പെടെ എല്ലാ സർക്കാർ വെബ്സൈറ്റുകളും 2018 മാർച്ച് 31 നകം ദ്വിഭാഷയിലാക്കണമെന്ന് വിവിധ വകുപ്പുകൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും ഇതിനാൽ നിർദ്ദേശം നൽകുന്നു.

**ടി.ഒ.സൂരജ്**
**സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറി
സെക്രട്ടേറിയറ്റിലെ എല്ലാ അണ്ടർ സെക്രട്ടറിമാർക്കും സെക്ഷൻ ഓഫീസർമാർക്കും
സെക്രട്ടേറിയറ്റിലെ ധനകാര്യ/നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകളിലെ സെക്ഷനുകൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/അർദ്ധ സർക്കാർ/
സ്വയംഭരണ/ സഹകരണ സ്ഥാപനങ്ങളുടെ തലവൻമാർക്ക്
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ